2. സാമ്പത്തിക സുരക്ഷാ സഹായം :-

സാമ്പത്തിക സുരക്ഷയുടെ ഭാഗമായി മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധന ചെലവ്, യഥാസമയം മെയിന്റനൻസ്, റിട്ടെൻഷൻ ഫണ്ട്, ട്രേ വാങ്ങുന്നതിനുള്ള ചെലവ്, ക്ഷേമനിധി ഇവയ്ക്ക് ആവശ്യമായിവരുന്ന ചെലവിന്റെ 50% തദ്ദേശ സ്വയംഭരണ സ്ഥാപനവും, ശേഷിക്കുന്ന 50% കുടുംബശ്രീ യൂണിറ്റുകളും വഹിക്കുക എന്നുള്ളതാണ്.

(സി) കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച റിപ്പോർട്ടിലെ ശിപാർശകൾ (25-8-2009-ലെ സ.ഉ.(എം.എസ്.)166/09/തസ്വഭവ നമ്പർ) സർക്കാരിന് യുക്തമെന്നുതോന്നുന്ന ഭേദഗതികളോടെ 18-9-2009 മുതൽ 6 മാസത്തിനകം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നാണ് ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച ശുചീകരണ ഉപാധികൾനൽകുന്ന കാര്യങ്ങളും അംഗങ്ങളുടെ സുരക്ഷ, ക്ഷേമം, വാഹനം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ മറ്റുസാധന സാമഗ്രികൾ എന്നിവയുടെ പരിപാലനത്തിനുവേണ്ടിവരുന്ന തുക ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റും നഗരസഭയും 50:50 എന്ന അനുപാതത്തിൽ വഹിക്കണ മെന്നതും പ്രാവർത്തികമാക്കിയിട്ടുണ്ട്.

## ഗാർഹിക മാലിന്യ നിർമ്മാർജ്ജനം

125 (1595) ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ജൈവമാലിന്യം ഉപയോഗപ്പെടുത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തിനുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(സി) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ, മറ്റുഹൗസിംഗ് കോളനികൾ, ചെറുപട്ടണങ്ങൾ എന്നിവിടങ്ങളിലെ ജൈവമാലിന്യം ഉപയോഗപ്പെടുത്തി പൊതു ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരം സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തുമോ ;

(ഡി) പ്ലാസ്റ്റിക് ഉപയോഗനിയന്ത്രണം പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യസംസ്കരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ; ഇതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു തദ്ദേശ ഭരണ സ്ഥാപനത്തിലെ ഒരു വാർഡിനേയോ ഒന്നിൽകൂടുതൽ വാർഡുകളേയോ മാലിന്യമുക്ത വാർഡുകളായി മാറ്റുന്നതിന് ലക്ഷ്യമിട്ട് അവിടങ്ങളിൽ ഗാർഹിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഗാർഹിക വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, റിംഗ് കമ്പോസ്റ്റിംഗ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റുകൾ (0.5 m3, 1 m3) എന്നിവയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. ഇതിനുപുറമേ ഇത്തരം സാങ്കേതിക വിദ്യകൾ വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ശുചിത്വ മിഷൻവഴി നടപ്പിലാക്കിവരുന്നു. ഗാർഹിക തലത്തിലുള്ള വെർമി കമ്പോസ്റ്റിംഗ് യൂണിറ്റിന് 400 രൂപയും, റിംഗ് കമ്പോസറ്റിംഗ് യൂണിറ്റിന് 600 രൂപയും, ബയോഗ്യാസ് പ്ലാന്റുകൾക്ക് 1/2 m3-ന് 1500 രൂപയും 1 m3-ന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 2800 രൂപയും അല്ലാതുള്ളവയ്ക്ക് 2100 രൂപയും തദ്ദേശ സ്ഥാപനങ്ങൾവഴി സബ്സിഡിനൽകിവരുന്നു.

(ബി) ജൈവ മാലിന്യം ഉപയോഗപ്പെടുത്തി ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനായി രണ്ടു മാർഗ്ഗങ്ങളാണ് ഉള്ളത്. ഒന്ന്, മാലിന്യങ്ങളെ ജൈവ വിഘടനത്തിന് വിധേയമാക്കുമ്പോൾ കിട്ടുന്ന ജൈവ വാതകം ഊർജ്ജാവശ്യത്തിനായി ഉപയോഗിക്കാം. രണ്ട്, ജൈവ മാലിന്യങ്ങൾ കത്തിക്കുമ്പോൾ കിട്ടുന്ന താപ ഊർജ്ജം ശേഖരിച്ച് അവ വൈദ്യുതി ഉൽപ്പാദനത്തിനു പ്രയോജനപ്പെടുത്താറുണ്ട്. എന്നാൽ, കേരളത്തിലെ മാലിന്യങ്ങളിൽ ഈർപ്പം കൂടുതലുള്ളതിനാൽ ജൈവ വാതകം ഉത്പ്പാദിപ്പിക്കുന്നതിനും അത് പാചകവാതകമോ വൈദ്യുതി ജനറേറ്റർ ഇന്ധനമോ ആയി ഉപയോഗപ്പെടുത്തുന്നതിനോ ആണ് ശ്രദ്ധിച്ചുവരുന്നത്.

(സി) ജൈവ മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നരീതി ഇപ്പോൾ പ്രോത്സാഹിപ്പിച്ചുവരികയാണ്. ഇവ പ്രധാനമായും മീൻ ചന്തകൾ, പച്ചക്കറി ചന്തകൾ, അറവുശാലകൾ എന്നിവ കേന്ദ്രീകരിച്ചും, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലും മാലിന്യപ്രശ്നം രൂക്ഷമായിട്ടുള്ള മറ്റു പ്രദേശങ്ങൾ കേന്ദ്രീകരിച്ചുമാണ് സ്ഥാപിച്ചുവരുന്നത്. ഇത്തരം പ്ലാന്റുകൾ ഇപ്പോൾത്തന്നെ പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നിലവിലുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്നപക്ഷം അത് പഠിച്ച് അംഗീകാരം നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിവരങ്ങളും മൂലധന ചെലവും പ്രവർത്തിപരിപാലനത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങളും ഉൾപ്പെടുത്തി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-2-2008-ലെ 39/2008/തസ്വഭവ നമ്പരിലുള്ള സർക്കാർ ഉത്തരവായി തദ്ദേശസ്വയംഭരണവകുപ്പ് വിജ്ഞാപനംചെയ്തിട്ടുണ്ട്.

(ഡി) പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും അവ എവിടെയെല്ലാം സ്ഥാപിക്കണമെന്നും പഠനം നടത്തിവരുന്നു. ഇതുപ്രകാരം അജൈവ മാലിന്യങ്ങൾ റിസോഴ്സ് റിക്കവറി സെന്ററുകളിൽ എത്തിക്കുകയും അവ തരംതിരിച്ച് പുനരുപയോഗം ചെയ്യാവുന്നവ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെചെയ്യുകയും, ബാക്കിയുള്ള പുനഃചംക്രമണം നടത്തുകയുംചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തു തന്നെ തരംതിരിച്ചെടുക്കുകയാണെങ്കിൽ ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു കൊണ്ട് അവ ചെറുകക്ഷണങ്ങളാക്കി പൊടിച്ച് പുനഃചംക്രമണത്തിനായി നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും ബ്ലോക്ക് ജില്ലാതലങ്ങളിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകളും സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുന്ന തരത്തിലാണ് നടപടികൾ കൈക്കൊണ്ടുവരുന്നത്.

**പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയുന്നതിന് നടപടി**

126 (1596) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയുന്നതിന് പൂർണ്ണമായും കഴിഞ്ഞിട്ടുണ്ടോ ;

(ബി) മതിയായ ബോധവൽക്കരണ പരിപാടികൾക്കൊപ്പം കർശനമായ നിയമനടപടികൾ പാലിക്കാൻ കഴിയാത്തതുകൊണ്ടാണ് പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം പൂർണ്ണമായും തടയാൻ കഴിയാത്തത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ വിപത്തിനെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല. ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ വർദ്ധിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിന് 30 മൈക്രോണിന് താഴെ കനമുള്ള ക്യാരിബാഗുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ളതാണ്. ഇവയുടെ നിർമ്മാണം, കടത്തിക്കൊണ്ടുപോകൽ ഉപയോഗം, വിൽപ്പന എന്നിവ നിരോധിക്കുകയുണ്ടായി. ഈ നിരോധനം നടപ്പിലാക്കിവരുന്നുവെങ്കിലും അത് പൂർണ്ണതയിൽ എത്തിയിട്ടില്ല. ഇപ്പോൾ 7-2-2011-ലെ കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ കനം 40 മൈക്രോണായി ദേശീയതലത്തിൽ ഉയർത്തിയിട്ടുണ്ട്. കൂടാതെ പുകയില, പാക്ക് ഇവ പൊതിയാനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. കനംകുറഞ്ഞ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിർമ്മാണം, കടത്തിക്കൊണ്ടുപോകൽ, ഉപയോഗം, വിൽപ്പന എന്നിവ നിരോധിച്ചിട്ടുള്ളത് നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നതിനെതിരെ ജനങ്ങൾക്കിടയിൽ ഒരു പൊതുഅവബോധംകൂടി വളർന്നുവന്നാൽമാത്രമേ പൂർണ്ണമായും ഈ പ്രശ്നം പരിഹരിക്കാനാകൂ.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly